**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 773** **30-01-2024 - ൽ മറുപടിയ്ക്ക്**

**അഴീക്കൽ തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | 2023-ലെ സംസ്ഥാന ബജറ്റിൽ അഴീക്കൽ തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി നീക്കി വച്ച തുക ഉപയോഗിച്ച് ഏതെങ്കിലും പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | 2022-23 സാമ്പത്തിക വർഷത്തിൽ നാല് കോടി രൂപയുടെ ഭരണാനുമതി അഴീക്കൽ തുറമുഖത്തിന്റെ വികസനത്തിനായി അനുവദിച്ചിരുന്നു. പ്രസ്തുത തുക ഉപയോഗിച്ച് ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്.<br><br>1. അഴീക്കൽ തുറമുഖത്ത് ISPS Code നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 160 KVA ജനറേറ്റർ, ജനറേറ്റർ റൂം എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. (തുക -25,36,663/-)<br><br>2. അഴീക്കൽ തുറമുഖ വാർഫിലും പരിസരങ്ങളിലും ISPS Code നടപ്പിലാക്കുന്നതിന്റെ ഭാഗമായി CCTV സ്ഥാപിക്കുന്ന പ്രവർത്തി പൂർത്തിയാക്കിയിട്ടുണ്ട്. ( തുക 12, 74,631/-)<br><br>3. അഴീക്കൽ തുറമുഖത്ത് ISPS Code നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുതുതായി 2 ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ( തുക -14,30,570/-) |
| (ബി) | അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | അഴീക്കൽ തുറമുഖത്ത് അടിസ്ഥാന വികസന സൗകര്യങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചെയ്യാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ :-<br><br>1. അഴീക്കൽ കപ്പൽ ചാനലിന്റെ ആഴം അഴിമുഖം വരെ 4 മീറ്റർ സ്ഥിരമായി നിലനിർത്തുന്ന വിഷയം പരിശോധിച്ചുവരുന്നു.<br><br>2. അഴീക്കൽ തുറമുഖ വികസനവുമായി ബന്ധപ്പെട്ട് ഗേറ്റ് ഹൗസ്, ഗേറ്റ് അനുബന്ധ പ്രവൃത്തികൾ നടപ്പിലാക്കുന്ന തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>3. അഴീക്കൽ തുറമുഖത്ത് ഷിപ്പിങ്ങ് ഓപ്പറേഷന്റെ ഭാഗമായി എത്തിച്ചേരുന്ന ചരക്ക് കണ്ടെയ്നർ സുരക്ഷിതമായി സൂക്ഷിക്കുന്നതിനും Customs & EDI |

| | | | |
|---|---|---|---|
| | | | Terminal യാഥാർത്ഥ്യമാക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>4. അഴീക്കൽ തുറമുഖത്ത് കപ്പലുകൾക്ക് ആവശ്യമായ ശുദ്ധ ജല വിതരണം നടപ്പിലാക്കുന്നതിന് കേരള വാട്ടർ അതോറിറ്റിയുടെ പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.<br><br>5. അഴീക്കൽ തുറമുഖത്ത് ഷിപ്പിങ്ങ് ഓപ്പറേഷനുമായി ബന്ധപ്പെട്ട് തുറമുഖത്ത് എത്തിച്ചേരുന്ന യാനങ്ങൾ നിരീക്ഷിക്കുന്നതിന് വാർഫിന് സമീപം വാച്ച് ടവർ നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നു.<br><br>6. അഴീക്കൽ തുറമുഖത്ത് ചറ്റുമതിൽ, പട്രോളിങ്ങ്, പാത്ത് വേ എന്നിവയുടെ നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>7. അഴീക്കൽ തുറമുഖ വാർഫിൽ അഗ്നി ശമന ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>8. അഴീക്കൽ തുറമുഖ ഓഫീസിന്റെ നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br><br>9. അഴീക്കൽ തുറമുഖത്ത് ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ